പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1687 18-06-2012 -ൽ ഇടക്കാല മറുപടി നല്കിയിരുന്നത്.

## സ്കൂൾ പരിസരത്തെ മദ്യഷാപ്പുകൾ

| ചോദ്യം: | | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എ. അസീസ് : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | നിലവിലുള്ള നിയമപ്രകാരം മദ്യഷാപ്പുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര മീറ്റർ അകലെ മാത്രമേ സ്ഥാപിക്കാവൂ എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (എ) | നിലവിലുള്ള നിയമപ്രകാരം, കള്ളുഷാപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 400 മീറ്ററും, വിദേശ മദ്യ ഷാപ്പുകളും ബാർ ഹോട്ടലുകളും 200 മീറ്ററും അകലെ മാത്രമേ സ്ഥാപിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ദൂരപരിധി ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. ദൂരപരിധി ലംഘിച്ചുകൊണ്ട്, സംസ്ഥാനത്ത് 14 ബാറുകളും, 26 കള്ളുഷാപ്പുകളും പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത ബാറുകളിൽ, തിരുവനന്തപുരത്തെ ഹോട്ടൽ സൗത്ത് പാർക്കും, കണ്ണൂരിലെ സ്റ്റൈൽ പാലസും ഒഴികെയുള്ള ബാറുകളും കള്ളുഷാപ്പുകളും ദൂരപരിധി നിയമം നിലവിൽ വരുന്നതിന് മുമ്പ് തന്നെ പ്രവർത്തിച്ചു വരുന്നതാണ്. കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളുടേയും, കോടതി വിധികളുടേയും അടിസ്ഥാനത്തിലാണ് നിലവിൽ ടി കള്ളുഷാപ്പുകളും ബാറുകളും പ്രവർത്തിക്കുന്നത്. |
| (സി) | ഉണ്ടെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | |
| (ഡി) | ഏതെങ്കിലും മദ്യഷാപ്പിനെതിരെ സ്കൂൾ തുറന്ന ദിവസം വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നുവോ; | (ഡി) | കൊല്ലം ഡിവിഷനിലെ കരുനാഗപ്പള്ളി റെയ്ഞ്ചിൽ പ്രവർത്തിക്കുന്ന KSBC 02016 പടനായർകുളങ്ങര എഫ്എൽ1 ഷോപ്പിനെതിരെ, സ്കൂൾ തുറന്ന ദിവസം വിദ്യാർത്ഥികൾ സമരം നടത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഏത് സ്കൂളിലെ കുട്ടികളാണെന്നും അവരുടെ ആവശ്യം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ഇ) | കരുനാഗപ്പള്ളി പടനായർകുളങ്ങര തെക്ക് ഗവൺമെന്റ് വെൽഫയർ സ്കൂളിലെ കുട്ടികളാണ് സമരം നടത്തിയത്. |
| (എഫ്) | സമരക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (എഫ്) | നിയമാനുസരണം ദൂരപരിധി പാലിച്ച്, ലൈസൻസ് ലഭിച്ച് പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണെങ്കിലും, ടി ഷാപ്പ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ M.D.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ